"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാർ ഇവാനിയോസ് ക്യാമ്പസിലെ മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്റർ, തിരുവനന്തപുരം IQC (Institutional Quarantine Centre) ആയി പ്രവർത്തിച്ചതിന് വാടക അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.244/2026/DMD തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17/03/2026 തീയതിയിലെ DCTVM/8045/2025-H1 നമ്പർ കത്ത്.
2. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17-02-2026 തീയതിയിലെ 52/EE/TVM/25-26 നമ്പർ റെന്റ് സർട്ടിഫിക്കറ്റ്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്റർ 28/03/2020 മുതൽ 30/11/2020 വരെ 8 മാസവും 4 ദിവസവും Institutional Quarantine Centre (IQC) ആയി പ്രവർത്തിച്ചിരുന്നതായും, ടി കാലയളവിലെ പ്രതിമാസ വാടക ₹4,23,156/- (നാല് ലക്ഷം ഇരുപത്തിമൂവായിരത്തി നൂറ്റി അൻപത്തിയാറ് രൂപ മാത്രം) ആണെന്ന് പരാമർശം (2) ലെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 28/03/2020 മുതൽ 30/11/2020 വരെ IQC ആയി പ്രവർത്തിച്ച കാലയളവിലേക്കുള്ള വാടക ₹34,41,668/- (മുപ്പത്തിനാല് ലക്ഷം നാൽപ്പത്തിയൊന്നായിരത്തി അറുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) ആയി കണക്കാക്കിയിട്ടുള്ളതും ടി തുക 18/02/2026-ന് ചേർന്ന റെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതായും പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി IQC ആയി പ്രവർത്തിച്ച മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്ററിന് വാടകയിനത്തിൽ ₹34,41,668/- (മുപ്പത്തിനാല് ലക്ഷം നാൽപ്പത്തിയൊന്നായിരത്തി അറുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) 2245-02-101-94 Flood Other Items എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) മേൽ തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനുള്ള നടപടി ദുരന്തനിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

4) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗ വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ

സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(DMA3/96/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Sindhuja K R
സെക്ഷൻ ഓഫീസർ
Date: 09-06-2026 17:15:35